# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 825 29.09.16-ൽ മറുപടി നൽകേണ്ടിയിരുന്നത്.

**മാമലക്കണ്ടം ഹൈസ്കൂളിൽ സോഷ്യൽ സയൻസ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ മാമലക്കണ്ടം സ്കൂൾ ഹൈസ്കൂൾ ആക്കി ഉയർത്തിയപ്പോൾ സോഷ്യൽ സയൻസ് തസ്തിക സൃഷ്ടിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ എന്തു നടപടി കൈകൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) യും, (സി) യും (ഡി) യും. | മാമലക്കണ്ടം ഹൈസ്കൂളിൽ എച്ച്.എസ്. എ (സോഷ്യൽ സയൻസ്) 1- (ഒന്ന്), ക്ലാർക്ക് 1 (ഒന്ന്), ഓഫീസ് അസിസ്റ്റന്റ് 1 (ഒന്ന്) എന്നീ തസ്തികൾ സൃഷ്ടിക്കുന്നതിനും സ്കൂളിൽ ഇപ്പോൾ നിലവിലുള്ള എച്ച.എസ്.എ (മലയാളം) എച്ച്.എസ്.എ (ഹിന്ദി) എന്നീ പാർട്ട് ടൈം തസ്തികകൾ ഫുൾടൈം ആക്കുന്നതിനുമുള്ള നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ലഭിക്കുകയും പ്രസ്തുത വിഷയം 1079427/കെ1/2016/പൊ.വി.വ എന്ന ഫയലിൽ പരിശോധിച്ചു വരികയുമാണ്. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുമ്പോൾ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത, ശീർഷകം, ശമ്പള സ്കെയിൽ എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയത് ലഭ്യമാക്കി പരിശോധിച്ച് തീരുമാനം കൈകൊള്ളുന്നതാണ്. |
| (സി) | ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ; | | |
| (ഡി) | സ്കൂളിൽ സോഷ്യൽ സയൻസ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുവാൻ അടിയന്തിര നടപടി കൈകൊള്ളുമോ? | | |

സെക്ഷൻ ഓഫീസർ